# GREESHMA FOUNDATION
# ALAPPUZHA

GivingFocus



# കൈത്താങ്ങ് '20

(നിർദ്ധനരായ മാനസിക രോഗികൾക്കായി ഒരു കൈ സഹായം)

നിങ്ങളുടെ പങ്കാളിത്തം

ഈ സംരംഭത്തിന് ഉദാരമതികളായ സുമനസ്സുകളുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങളാണ് ഞങ്ങൾ പ്രതീക്ഷി ക്കുന്നത്. നമുക്കൊരുമിച്ച് നമ്മുടെ സമൂഹത്തിൽ മാനസിക ദുരി തം അനുഭവിക്കുന്നവർക്കായി പ്രവർത്തിക്കാം. താങ്കളുടെ ഏതു സഹായവും വിലപ്പെട്ടതാണ്. അതിലൂടെ ചിലർക്കെങ്കിലും സാധാര ജീവിതത്തിലേക്ക് മടങ്ങിവരുവാൻ കഴിയുമെങ്കിൽ നാം കൃതാർത്ഥ രായി. അതിനായി നമുക്ക് കൈകോർക്കാം. ഞങ്ങളുടെ ക്ലിനിക്ക് സന്ദർശിക്കുവാനും താങ്കളെ ക്ഷണിച്ചുകൊള്ളുന്നു. ഉദാരമായ സാ മ്പത്തിക സഹായം നൽകി ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കണ മെന്നഭ്യർത്ഥിക്കുന്നു.

# GREESHMA FOUNDATION

(A Public charitable trust) Reg: No.97/04/2015

## മാനസികാരോഗ്യപരിപാലനകേന്ദ്രം

**(MENTAL HEALTH CARE CENTER)**

# പ്രവർത്തന റിപ്പോർട്ട്

**01 ഏപ്രിൽ 2019 മുതൽ 31 മാർച്ച് 2020 വരെ**

---

**OUR BANK DETAILS : DHANALAXMI BANK, GREESHMA FOUNDATION**
**A/C NO : 009500100143240, IFSC: DLXB0000095**

---

Address: Vedippurackal House, Opp: KSTA Office,M.O. Ward, Alappuzha,
Phone: 0477-2251988, 9495162887
E-mail:greeshmafoundationalappuzha@gmail.com
Website: greeshmafoundation.org
www.facebook.com/greeshmafoundation

# ആമുഖം

ശരീരത്തിന്റെ ആരോഗ്യത്തെപ്പോലെ തന്നെ പ്രാധാന്യമുള്ളതാണ് മനസ്സിന്റെ ആരോഗ്യവും. മാനസിക രോഗം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളുടെ എണ്ണം ദിനം പ്രതിയെന്നോണം വർദ്ധിക്കുകയും സാമ്പത്തിക പരാധീനത മൂലവും കൃത്യമായ ചികിത്സാസംവിധാനങ്ങളുടെ അപര്യാപ്തത മൂലവും രോഗം മൂർച്ഛിച്ച അവസ്ഥക്ക് മാറ്റം വരുത്തണമെന്ന ഉദ്ദേശത്തോട് കൂടി 2015ൽ തുടക്കമിട്ട 'മാനസിക ആരോഗ്യ പരിപാലന കേന്ദ്ര'മാണ് ഗ്രീഷ്മ ഫൗണ്ടേഷൻ.

ആലപ്പുഴയിലും പരിസരപ്രദേശങ്ങളിലും രോഗം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്ക് സൗജന്യമരുന്നു ചികിത്സയും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശമാണ് നാം കൈകൊണ്ടിട്ടുള്ളത്.

നിലവിൽ 40ഓളം സഹോദരങ്ങൾക്കുള്ള സൗജന്യ ചികിത്സയോടൊപ്പം അവർക്ക് വേണ്ട പുനരധിവാസ (ഡേകെയർ) പ്രവർത്തനങ്ങളും ക്ലിനിക്കിൽ വച്ച് നടത്തുന്നു. കോഴിക്കോട് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന MHAT ലെ ഡോക്ടർമാരുടെയും കൗൺസിലിംഗ്, ഡേകെയർ, കോ-ഓർഡിനേറ്റർമാരുടെയും സേവനമാണ് നമ്മുടെ രോഗികൾക്ക് ലഭ്യമാവുന്നത്. എല്ലാ ശനിയാഴ്ചകളിലും ഒപി സൗകര്യം ലഭ്യമാണ്.

രോഗം മൂർച്ഛിച്ച അവസ്ഥയിലുള്ളവർക്കും ക്ലിനിക്കിലെ ഒ.പി.യിലേക്ക് വരാൻ സാധിക്കാത്തതുമായ ആളുകളെ വീടുകളിലേക്ക് ചെന്ന് ചികിത്സ നൽകുന്ന ഹോം കെയർ സംവിധാനവും ആഴ്ച്ചയിൽ രണ്ട് ദിവസം നടത്തപ്പെടുന്നു.

ഗ്രീഷ്മാ ഫൗണ്ടേഷനു കീഴിലുള്ള നാൽപതോളം വരുന്ന രോഗികൾക്ക് വേണ്ടി ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനവും മരുന്ന്, കൗൺസിലിംഗ് എന്നിവയെല്ലാം സൗജന്യമായി നൽകുന്നതിന് മാസം ഏകദേശം 50,000 രൂപയോളം ചിലവ് വരുന്നുണ്ട്. ഗവൺമെന്റിൽ നിന്നോ മറ്റ് സംഘടനകളിൽ നിന്നോ യാതൊരുവിധ സഹായവും ഇന്നേ വരെ ലഭ്യമായിട്ടില്ല. ക്ലിനിക്കിന്റെ പ്രവർത്തനം കണ്ട് മനസ്സിലാക്കി ജനങ്ങൾ നൽകുന്ന സംഭാവന മാത്രമാണ് ഈ കാരുണ്യ പ്രവർത്തനങ്ങളെയെല്ലാം നിലനിർത്തി പോകുന്നത്.

താങ്കൾ ഞങ്ങളുടെ ഈ കൂട്ടായ്മയിൽ പങ്കാളിയാവുകയും ക്ലിനിക്കിന്റെ സദ്പ്രവർത്തനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാനും, നമ്മുടെ നാട്ടിൽ മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്കും കുടുംബത്തിനും സാന്ത്വനമേകാൻ താങ്കളുടെ കഴിവിന്റെ പരമാവധി സാമ്പത്തിക സഹായ സഹകരണങ്ങൾ നൽകണമെന്നും അപേക്ഷിക്കുന്നു.

എന്ന്,

**സെക്രട്ടറി**
**ഗ്രീഷ്മ ഫൗണ്ടേഷൻ**

# മാനസികരോഗ പരിചരണം സമൂഹത്തിന്റെ പങ്ക്

മാനസികരോഗം എന്ന് കേൾക്കുമ്പോഴേ പലർക്കും ഭീതിയും അകൽച്ചയുമാണ്. ഇക്കാരണത്താൽ രോഗിയും കുടുംബവും വളരെ അധികം സമ്മർദ്ധമനുഭവിക്കുന്നു. മാനസിക രോഗങ്ങളെക്കുറിച്ച് സമൂഹത്തിന് വ്യക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമെ ഈ ദുരവസ്ഥക്ക് മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. സാധാരണ കാണുന്ന മാനസിക രോഗങ്ങളായ ' സ്കീസോഫ്രീനിയ, ബൈ പോളാർ ഡിസോഡർ, വിഷാദരോഗം, ഉത്കണ്ഠകൾ എന്നിവയാണ്. അമിതമായ ഉത്കണ്ഠ കൂടുതൽ ആളുകളിൽ കാണപ്പെടുന്നു. കേരളത്തിൽ കണക്കനുസരിച്ച് 5 ലക്ഷത്തോളം ആളുകൾക്ക് ചികിത്സ ആവശ്യമായ രീതിയിലുള്ള മാനസിക രോഗം ഉള്ളതായി കണക്കാക്കുന്നു. ആർക്ക് വേണമെങ്കിലും ഈ രോഗം പിടിപെടാം. പ്രായം, സമയം, ലിംഗ ബോധമന്യേ കാണപ്പെടുന്ന ഈ അസുഖം പണക്കാരനെന്നോ പാമരനെന്നോ വ്യത്യാസമില്ലാതെ കാണപ്പെടുന്നു.

മാനസിക രോഗം ഉണ്ടാവുന്നതിനെകുറിച്ച് വളരെ അധികം മിഥ്യാധാരണകൾ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നു. രോഗിയോ കുടുംബത്തിലുള്ളവരോ ചെയ്ത ദുഷ്പ്രവർത്തിയുടെ ഫലമായിട്ടാണെന്നും, ശത്രുക്കൾ ചെയ്ത മന്ത്രവാദത്തിന്റെ ഫലമായിട്ടാണെന്നും തെറ്റിദ്ധരിക്കുന്നവരുണ്ട്. എന്നാൽ സത്യം ഇതിൽ നിന്നും വളരെ അകലെയാണ്. തലച്ചോറിലെ നാഡീപ്രവർത്തനങ്ങളെ സഹായിക്കുന്ന രാസപദാർത്ഥങ്ങളുടെ അളവിലുണ്ടാകുന്ന വ്യതിയാനമാണ് മാനസിക രോഗത്തിനുള്ള പ്രധാന കാരണം. രാസവ്യതിയാനത്തിന്റെ കാരണം ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ലെങ്കിലും ജനിതകവും, ജീവശാസ്ത്രപരവും, സാമൂഹികവും, പാരിസ്ഥിതകവുമായ കാരണങ്ങളും ചൂണ്ടിക്കാട്ടുന്നു.

രോഗികളിലെ ഒരു ശതമാനം പോലും അക്രമസക്തരല്ല. പക്ഷേ സമൂഹം മാനസിക രോഗികളെ കാണുമ്പോഴെ അക്രമസക്തരാവുന്നു. അവരെ അടിച്ചോടിക്കുന്നു. അവർ അയാളുടെ അസുഖത്തെകുറിച്ചോ അയാളുടെ കുടുംബത്തെക്കുറിച്ചോ ചിന്തിക്കുന്നില്ല. ഇത്തരം രോഗികളോടുള്ള സമീപനത്തിൽ മാറ്റം വരുത്താൻ നാം ഒരുപാട് പഠിക്കേണ്ടിയിരിക്കുന്നു. ഒരു ചെറിയ ഉദാഹരണം: മാനസിക രോഗിയായ ഒരാളോട് നിങ്ങൾ പുഞ്ചിരിക്കുക. ഒരു പക്ഷേ അയാൾ പ്രതികരിക്കാതിരിക്കുകയും തിരിച്ച് പുഞ്ചിരിക്കാതിരിക്കുകയും ചെയ്യും. പക്ഷെ നിരന്തരം എല്ലാ ദിനവും നമ്മൾ പുഞ്ചിരി ആവർത്തിക്കുമ്പോൾ ആ രോഗിക്ക് പുഞ്ചിരിക്കാനുള്ള ഒരു പ്രേരണ നമ്മുടെ മുഖത്ത് നിന്ന് ലഭിച്ചാൽ രോഗം മൂലം അയാൾക്ക് മാഞ്ഞുപോയ പുഞ്ചിരി തിരികെ കൊണ്ട് വരാൻ നിങ്ങൾക്ക് സാധ്യമായി എന്ന് അഭിമാനിക്കാം. ഇതാണ് മാനസിക രോഗിയായ ഒരാ

ളോട് നാം ആദ്യമായി ചെയ്യേണ്ടത്.

രോഗിയും കുടുംബവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി സാമൂഹിക ഇടപെടലുകൾ നടത്തണം. മാനസിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒരാൾക്ക് താൻ ചെയ്ത് തീർക്കേണ്ട ബാധ്യതകളും, കുടുംബപ്രാരാബ്ധങ്ങളും ഓർത്തിട്ടാണ് ടെൻഷൻ വരുന്നതും അസുഖം കൂടുന്നതും എങ്കിൽ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ മരുന്നുകൾ നൽകിയത് കൊണ്ട് മാത്രം അദ്ദേഹത്തിന്റെ അസുഖത്തിന് മാറ്റം വരുത്താൻ സാധിക്കുകയില്ല.

മാനസിക രോഗിയുടെ രോഗത്തിന് മാറ്റം വരുത്താൻ മരുന്നിനേക്കാളുപരി സമൂഹത്തിന്റെ ഇടപെടലുകൾക്ക് സാധ്യമാണ്. മറ്റ് മാരകമായ രോഗങ്ങളെ അപേക്ഷിച്ച് മാനസിക രോഗത്തിന് മറ്റുള്ളവരുടെ ഇടപെടലുകൾക്കനുസരിച്ച് അസുഖത്തിന് മാറ്റം വരുത്താൻ സാധ്യമാണ്. 90% മാനസിക രോഗം ബാധിച്ച ആളെ 100% എത്തിക്കാനും സമൂഹം വിചാരിച്ചാൽ സാധിക്കും. ഇതിനൊക്കെ പരിഹാരമായി സമൂഹത്തിന്റെ താഴെതട്ടിൽ നിന്ന് മുതൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

ചികിത്സയേക്കാളുപരി രോഗിയെ ദൈനംദിന പരിപാടികളിൽ പങ്കെടുപ്പിക്കുകയും, വ്യാപ്തനാക്കുകയും വേണം. രോഗിക്ക് സാമൂഹികമായ നല്ല ഇടപെടലുകൾ ലഭിക്കാത്തിടത്തോളം കാലം മരുന്ന് കൊണ്ട് മാത്രം അസുഖത്തിന് യാതൊരു മാറ്റവും പ്രതീക്ഷിക്കരുത്.

രോഗം മൂലം നഷ്ടപ്പെട്ട് പോയ അയാളുടെ കഴിവുകൾ, തിരിച്ചെടുക്കാനും സമൂഹത്തിന്, അവരുടെ കുടുംബത്തിന് നഷ്ടപ്പെട്ടവരെ തിരികെ നൽകാനും നമ്മൾ മനസ്സുവെച്ചാൽ സാധിക്കും. നാം കാരണം ഒരു മാനസിക രോഗിയെ എങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരാൻ സാധിക്കുമെങ്കിൽ ഇതിലും വലിയ ഒരു നന്മ വേറെ ഉണ്ടാവില്ല എന്നത് സത്യം.

# STATISTICS REPORT 2019-2020

| മാസം | ഒ.പി.യിൽ കണ്ട രോഗികൾ | രോഗി ഇല്ലാതെ ഒ.പിയിൽ ബന്ധുക്കൾ വന്നത് | പുതുതായി രജിസ്റ്റർ ചെയ്ത രോഗികൾ | മരണപ്പെട്ടവർ | കൊഴിഞ്ഞ് പോയവർ | നിലവിൽ പരിചരണ ത്തിൽ ഉള്ളവർ | ഹോം വിസിറ്റ് |
|---|---|---|---|---|---|---|---|
| ഏപ്രിൽ | 36 | 12 | 3 | 0 | 2 | 28 | 2 |
| മെയ് | 23 | 14 | 1 | 0 | 0 | 29 | 3 |
| ജൂൺ | 39 | 18 | 0 | 0 | 1 | 28 | 3 |
| ജൂലൈ | 14 | 10 | 2 | 0 | 0 | 30 | 4 |
| ആഗസ്റ്റ് | 46 | 23 | 1 | 1 | 0 | 30 | 2 |
| സെപ്തം. | 26 | 15 | 0 | 0 | 0 | 30 | 2 |
| ഒക്ടോ | 28 | 17 | 2 | 0 | 1 | 31 | 3 |
| നവം. | 38 | 13 | 0 | 0 | 0 | 31 | 2 |
| ഡിസം | 48 | 22 | 2 | 0 | 0 | 33 | 4 |
| ജനുവരി | 33 | 19 | 4 | 0 | 2 | 35 | 3 |
| ഫെബ്രു | 49 | 22 | 0 | 0 | 1 | 34 | 2 |
| മാർച്ച് | 40 | 20 | 1 | 0 | 1 | 34 | 3 |

## 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ
## സംഭാവന നൽകിയവരുടെ പേരു വിവരങ്ങൾ

| No. | പേര് | സംഖ്യ |
|---|---|---|
| 1. | രഞ്ജിത്ത് ഗോവിന്ദപണിക്കർ, വെടിപ്പുരക്കൽ ഹൗസ് എം.ഒ. വാർഡ്, ബാലഭവൻ റോഡ് ആലപ്പുഴ | 3,30,000 |
| 2. | രാജു ദേവസ്യ, പറനിലം ഹൗസ് ചാലക്കുടി, തൃശൂർ | 1,00000 |
| 3. | മൊയ്തീൻ കുഞ്ഞ് അബ്ദുൽറഹീം C/o Dost UK Alumni Contribution | 59,000 |
| 4. | അജയ്കുമാർ പി.വി. ദുബൈ | 35,000 |
| 5. | കെ.ജെ. റോയ് ദുബൈ | 48,000 |
| 6. | സുനിൽകുമാർ കെ. മാധവി നിലയം, ഫറോക്ക്, കോഴിക്കോട് | 30,000 |
| 7. | മൈത്രി ക്രിക്കറ്റ് ക്ലബ്ബ്, ദോഹ ഖത്തർ | 50,000 |
| 8. | കുസാറ്റ് Alumni ഗ്രൂപ്പ് സിംഗപൂർ | 15,251 |
| 9. | ബാച്ച് 14 Alumni ഗ്രൂപ്പ് ഓഫ് ദോസ്ത് | 25,000 |
| 10. | മധു ജി. പിള്ള അക്ഷയ കമ്മട്ടം ലെയ്ൻ കോൺവെന്റ് റോഡ് വഞ്ചിയൂർ, തിരുവനന്തപുരം | 15,000 |
| 11. | എസ്.ശിവദാസ്, ആര്യവിഹാർ, തേജസ് നഗർ, പഴവീട്, ആലപ്പുഴ | 12,000 |
| 12. | പുഷ്പാനായർ, പത്മനാഭം, ചെള്ളാട്ടുലെയ്ൻ പഴവീട്, ആലപ്പുഴ | 11,000 |
| 13. | ബിനോയ്കുമാർ, ഭാരത് ഫയർ ഫൈറ്റിംഗ് പ്രൈവറ്റ് ലിമി. (BHAFFCO) | 10,000 |
| 14. | ശോഭഹരികുമാർ, ശ്രീഹരി സനാതനപുരം വാർഡ് കളർകോട്,ആലപ്പുഴ | 8500 |
| 15 | ഗംഗ ടീച്ചർ & സുധാകരൻ സാർ, സരിതാലയം വലിയമരം വാർഡ്, തിരുവമ്പാടി, ആലപ്പുഴ | 10,000 |
| 16. | കെ.ജെ. ലൂയിസ് കാട്ടാശ്ശേരിയിൽ ഹൗസ്, തത്തംപള്ളി പി.ഒ,ആലപ്പുഴ | 8300 |
| 17. | അജയ് പീതാംബരൻ Tokyo | 6000 |
| 18. | ബോബൻ, നിയോഫോർമ, പഴീട്, ആലപ്പുഴ | 6000 |
| 19. | രാമചന്ദ്രൻ യു.വി., ശ്രീശൈലം, ആശ്രമം ലെയ്ൻ പൂങ്കുന്നം, തൃശൂർ | 5000 |
| 20. | കെ.എൻ. ഗോപാലകൃഷ്ണൻ 11.7/6, 3rd അവന്യൂ ആശാവിഹാർ ഫ്ളാറ്റ്, ചെന്നൈ | 5000 |
| 21. | സരസ വി. കാർത്തിക ജില്ലാ കോർട്ട് വാർഡ് തത്തംപള്ളി, ആലപ്പുഴ | 6000 |
| 22. | ആശാ ലക്ഷ്മി ആർ. വെടിപ്പുരക്കൽ (സോപാനം) എം.ഒ. വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 2000 |
| 23. | വിജയ ലക്ഷ്മി യു.പി. വെടിപുരക്കൽ, എം.ഒ. വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 2000 |
| 24. | അംബിക സി. അനശ്വര, എം.ഒ. വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 1500 |
| | | |


| | | |
|---|---|---|
| 25. | ജയാശശിധര കൈമൾ , കാർത്തിക, കൊറ്റംകുളങ്ങര, ആലപ്പുഴ | 1000 |
| 26. | ആനി ടീച്ചർ, ചെറിക്കൽ ഹൗസ്, സ്റ്റേഡിയം വാർഡ്, opp.TDHS ആലപ്പുഴ | 1000 |
| 27. | ബോബിജോർജ്, കുരിശുംമൂട്ടിൽ ഹൗസ്, ചങ്ങാനാശ്ശേരി | 1000 |
| 28. | റഫീഖ്, പൊന്നാട്, കോഴിക്കോട് | 1000 |
| 29. | അനീഷ് ബഷീർ, അനീഷ് മൻസിൽ, MO വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 1000 |
| 30. | സലീം PA, കൂരയിൽ ഹൗസ്, MO വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 1000 |
| 31. | സാറാമ്മ ജേക്കബ്, ഗ്രേസ് ഡെയിൽ, കളക്ട്രേറ്റ് വാർഡ്, ആലപ്പുഴ | 1000 |
| 32. | മാലതി ടീച്ചർ , കരുവേലി ഈസ്റ്റ്. എം.ഒ വാർഡ്, ആലപ്പുഴ | 1000 |
| 33. | വത്സലാ നായർ, ശബരിനിവാസ്, എം.ഒ വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 1000 |
| 34. | ഗിരിജ, ശിവഭവനം, എം.ഒ വാർഡ്, ബാലഭവൻ റോഡ്, ആലപ്പുഴ | 1000 |
| 35. | നീരജ, ശ്രീഹരി, സനാതനപുരം വാർഡ്, കളർകോട്, ആലപ്പുഴ | 1000 |
| 36. | സുരേഷ് എം.വി , ശ്രീവത്സം മനക്കുന്നത്ത് ഹൗസ്, ഉണ്ണിച്ചിറ, തൈക്കാവ് റോഡ്, ചങ്ങംപുഴ നഗർ | 2000 |
| 37. | റസീപ്റ്റ് നമ്പർ. 233, 30/09/19 | 2000 |
| 38. | സെക്രട്ടറി, വലിയകുളം മസ്ജിദ്, തിരുവമ്പാടി, ആലപ്പുഴ | 1125 |
| 39. | സെക്രട്ടറി, പാലസ് മസ്ജിദ്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, ആലപ്പുഴ | 1297 |
| 40. | മധു. ഡി, സെക്രട്ടറി, NSS കരയോഗം 2116, പറവൂർ, ആലപ്പുഴ | 500 |
| 41. | സുമതികുട്ടി ടീച്ചർ , സുമാലയം , കൈതവന , ആലപ്പുഴ | 500 |
| 42. | ഹുണ്ടിക കളക്ഷൻ | 2422 |
| | **Total** | **8,21,395** |

# മറ്റു സംഭാവനകൾ



**ശ്രീ. സുനിൽ കുമാർ. കെ.**
**മാധവി നിലയം, ഫറോക്,**
**കോഴിക്കോട്**

Tata Indica Car
**July** -2019.




**ശ്രീ. രാജേഷ് ഗോപാൽ,**
**മണ്ണൂത്തി,**
**തൃശ്ശൂർ.**

വെബ് സൈറ്റ് www.greeshmafoundation.org ഡിസംബർ 2019



**ശ്രീമതി. ശോഭാ ഹരികുമാർ,**
**ശ്രീഹരി, കളർകോട്,**
**ആലപ്പുഴ.**

എല്ലാ patients നും
ഓണക്കോടി
സെപ്റ്റംബർ 2019



**ശ്രീ. സുനിൽ കുമാർ. കെ.**
**മാധവി നിലയം, ഫെറോക്,**
**കോഴിക്കോട്.**

ന്യൂ ഇയർ കേക്ക് സ്റ്റാഫ്
അംഗങ്ങൾ ഉൾപ്പെടെ
എല്ലാവർക്കും ഡിസംബർ 2019

# ANTONY MALAYIL & CO.
CHARTERED ACCOUNTANTS (FRN: 000193S)

THATHAMPALLY P.O., ALLEPPEY, KERALA - 688013
PH: 0477 - 2964532, 2957070, mail: camalayil@gmail.com


31st October 2020

## AUDITOR'S REPORT

We have examined the Balance sheet of Greeshma Foundation, Vedipurackal House, Balabhavan Road. M.O.ward, Alappuzha-688001 as at 31st March 2020 and the Income and Expenditure Account for the year ended on that date which are in agreement with the books of accounts maintained by the said institution.

We have obtained all the information and explanations which to the best of our knowledge and belief were necessary for the purpose of the audit. In our opinion proper books of account have been kept by the institution so far as appears from examination of the books.

In our opinion and to the best of our information, and according to the explanations given to us, the said accounts give a true and fair view:-

(i) in the case of Balance Sheet of the state of affairs of the above named institution as at 31st March 2020.

and

(ii) in the case of Income and Expenditure Account, of the excess of Income of its accounting year ending on 31st March 2020.

ANTONY MALAYIL & Co. ALAPPUZHA 688013 FRN: 000193S CHARTERED ACCOUNTANTS

For ANTONY MALAYIL & Co.
CHARTERED ACCOUNTANTS

CA. Antony Mathew M., B.Sc., B.Com., FCA.
M. No. 19988, Partner

UDIN: 20019988AAAAFQ9334

**GREESHMA FOUNDATION, MENTAL HEALTH CARE CENTER**
**VEDFIPURACKAL HOUSE, BALABHAVAN ROAD,M.O.WARD, ALAPPUZHA-688001**
**BALANCE SHEET AS AT 31ST MARCH 2020.**

| LIABILITIES | | ₹ | ASSETS | | ₹ |
|---|---|---|---|---|---|
| **Capital Fund :-** | | | **Fixed Assets :-** | | |
| Balance as per last B/Sheet | 45380.20 | | As per last B/Sheet | | 27255.00 |
| Add:- Excess of income over expenditure as per Income & Expenditure a/c | 363797.60 | 409177.80 | **Closing balances:-** | | |
| Loan from Aniyappan | | 4981.00 | Cash in hand | 10.00 | |
| | | | Dhanalaxshmi Bank A/c No.43240 | 48893.80 | |
| | | | Dhanalaxshmi Bank FD A/c No.932910 | 160000.00 | |
| | | | Dhanalaxshmi Bank FD A/c No.932971 | 108000.00 | |
| | | | Dhanalaxshmi Bank FD A/c No.933026 | 70000.00 | 386903.80 |
| **TOTAL :-** | | **414158.80** | **TOTAL :-** | | **414158.80** |

Verfied with the books and other documents produced before us and found correct.

Alleppey
31st October 2020

For ANTONY MALAYIL & Co.
CHARTERED ACCOUNTANTS

CA. Antony Mathew M., B.Sc., B.Com., FCA.
M. No. 19988, Partner

UDIN: 20019988AAAAFQ9334

**GREESHMA FOUNDATION, MENTAL HEALTH CARE CENTER, ALAPPUZHA**
**VEDIPURACKAL HOUSE,BALABHAVAN ROAD,M.O.WARD, ALAPPUZHA-688001**
**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2020**

| EXPENDITURE | ₹ | INCOME | ₹ |
|---|---|---|---|
| To Salaries and allowances | 155000.00 | By Donations received | 821395.00 |
| To Medicine & medical expenses | 216128.00 | By Bank interest | 4156.00 |
| To Food & water expenses | 2850.00 | | |
| To Donations paid | 33620.00 | | |
| To Repairs and maintenance | 7340.00 | | |
| To Travelling expenses | 31625.00 | | |
| To Auditors' fee | 4130.00 | | |
| To Printing and stationery | 3799.00 | | |
| To Telephone charges | 6729.00 | | |
| To Bank charges | 532.40 | | |
| To Excess of income over expenditure | 363797.60 | | |
| **TOTAL :-** | **825551.00** | **TOTAL :-** | **825551.00** |

Verfied with the books and other documents produced before us and found correct.

Alleppey
31st October 2020

For ANTONY MALAYIL &
CHARTERED ACCOUNTANTS

CA. Antony Mathew M., B.Sc., B.Com., FCA.
No. 19986, Partner

## GREESHMA FOUNDATION, MENTAL HEALTH CARE CENTER
## VEDIPURACKAL HOUSE, BALABHAVAN ROAD,M.O.WARD,ALAPPUZHA-688001
## RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31ST MARCH 2020

| | | Receipts ₹ | Payments ₹ |
|---|---|---|---|
| **Opening balances:** | | | |
| Cash in hand | 3373.00 | | |
| Dhanalaxmi Bank A/c No.43240 | 21733.20 | 25106.20 | |
| Donations received and paid | | 821395.00 | 33620.00 |
| Loans | | 2000.00 | 4000.00 |
| Bank interest & charges | | 4156.00 | 532.40 |
| Food & water expenses | | | 2850.00 |
| Medicine & medical expenses | | | 216128.00 |
| Travelling expenses | | | 31625.00 |
| Auditors' fee | | | 4130.00 |
| Repairs and maintenance | | | 7340.00 |
| Printing and stationery | | | 3799.00 |
| Salaries and allowances | | | 155000.00 |
| Telephone and postage | | | 6729.00 |
| **Closing Balances:** | | | |
| Cash in hand:- | 10.00 | | |
| Dhanalaxshmi Bank SB A/c No.43240 | 48893.80 | | |
| Dhanalaxshmi Bank FD A/c No.932910 | 160000.00 | | |
| Dhanalaxshmi Bank FD A/c No.932971 | 108000.00 | | |
| Dhanalaxshmi Bank FD A/c No.933026 | 70000.00 | | 386903.80 |
| **TOTAL :-** | | **852657.20** | **852657.20** |

## ആരോഗ്യമുള്ള മനസ്സുള്ളവർക്ക്
## ആരോഗ്യമുള്ള ജീവിതം ലഭിക്കുന്നു

ലോകത്ത് നാലിൽ ഒരാൾക്ക്
മാനസികരോഗം മൂലം കഷ്ടതകൾ അനുഭവപ്പെടുന്നു.
ഇപ്പോഴും നമ്മുടെ സമൂഹം മനോരോഗികളെ
അവജ്ഞതയോടെയും ഭയത്തോടെയും നോക്കി കാണുന്നു.
ദാരിദ്ര്യമുള്ള കുടുംബങ്ങളിൽ രോഗികളുടെ പ്രശ്നങ്ങൾ ഇരട്ടിയായി മാറുന്നു.

## മരുന്ന് മാത്രമല്ല ചികിത്സ

മനോരോഗ ചികിത്സയിൽ മരുന്ന് പ്രധാനമാണ്.
എന്നാൽ രോഗം മാറാൻ സ്നേഹവും സാന്ത്വനവും
പരിചരണവും ആവശ്യമാണ്.
കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണ വേണം.
കൂടെ കൗൺസിലിങ്ങും പുനരധിവാസവും ആവശ്യമാമ്.

മേൽപറഞ്ഞ പശ്ചാത്തലത്തിൽ ഗ്രീഷ്മ ഫൗണ്ടേഷൻ
പാവപ്പെട്ട മാനസിക രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും
പുനരധിവാസവും നൽകിവരുന്നു.

കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന MHAT
എന്ന സംഘടനയുമായി സഹകരിച്ചാണ് ഗ്രീഷ്മാ ഫൗണ്ടേഷൻ
പ്രവർത്തിക്കുന്നത്. ദരിദ്രകുടുംബങ്ങളിലെ മാനസികരോഗി
കളുടെ പരിചരണവും പുനരധിവാസവുമാണ്
ഗ്രീഷ്മാ ഫൗണ്ടേഷന്റെ പ്രധാന ലക്ഷ്യം.

കൂടാതെ സമൂഹത്തിൽ മാനസികരോഗികൾക്ക് ലഭിക്കേണ്ട
അവകാശങ്ങളെയും പരിഗണനകളെയും കുറിച്ച് സമൂഹത്തെ
ബോധവാന്മാരാക്കുക എന്ന കർത്തവ്യവും ഗ്രീഷ്മാ ഫൗണ്ടേഷനിൽ
നിക്ഷിപ്തമായിരിക്കുന്നു.

## രോഗിയുമായി സംസാരിക്കുമ്പോൾ

ഫലപ്രദമായ ആശയവിനിമയം മരുന്നിനേക്കാൾ രോഗിക്ക് ആശ്വാസം പകരാറുണ്ട് എന്നത് ഒരു വസ്തുതയാണ്. താൻ ഈ ലോകത്തിന് വേണ്ടപ്പെട്ടവനാണെന്നും അന്തസ്സും വിലയുമുള്ളവനാണെന്നും, എന്തുവന്നാലും ഉപേക്ഷിക്കപ്പെടുകയില്ലെന്നും ഉള്ള തോന്നലാണ് രോഗിയിൽ ഉളവാക്കേണ്ടത്. ഇത് വാക്കുകൾ കൊണ്ട് മാത്രം കൈമാറാവുന്ന സന്ദേശമല്ല. സാമീപ്യം, സ്പർശനം, ശരീരഭാഷ ഇവയെല്ലാം പ്രധാനമാണ്. രോഗിക്കും കുടുംബത്തിനും തെറ്റിദ്ധാരണ ഉണ്ടാവാനും വിശ്വാസം നഷ്ടപ്പെടാനും ഇടയാവാതെ നോക്കുക. നമ്മുടെ അഭിപ്രായങ്ങൾ രോഗിക്ക് കേൾപ്പിച്ചു കൊടുക്കാനോ അടിച്ചേൽപ്പിക്കാനോ അല്ല, മറിച്ച് രോഗിക്ക് പറയാനുള്ളത് പൂർണ്ണമായും കേൾക്കാനും മനസ്സിലാക്കാനുമാണ് നാം ശ്രമിക്കേണ്ടത്.

## നമുക്ക് ചെയ്യാവുന്നത്

1. ശ്രദ്ധയോടെ കേൾക്കുക. നല്ല ശ്രോതാവായി ഇരിക്കുക.
2. രോഗിയുടെ പ്രശ്നങ്ങൾ ലഘൂകരിച്ച് കാണാതിരിക്കുക.
3. സ്വന്തം വിശ്വാസങ്ങൾ രോഗിയുടെ മേൽ അടിച്ചേൽപ്പിക്കാതിരിക്കുക.
4. രോഗിയുടെ ചോദ്യങ്ങൾ അവഗണിക്കരുത്.
5. നിറവേറ്റാനാവാത്ത വാഗ്ദാനങ്ങൾ നൽകരുത്.
6. പൊള്ളയായ ശുഭപ്രതീക്ഷകൾ രോഗിയിൽ കുത്തിനിറക്കാൻ ശ്രമിക്കരുത്.
7. സ്വകാര്യത ഉറപ്പുവരുത്തുക.
8. രോഗിയെ സംസാരിക്കാൻ നിർബന്ധിക്കരുത്.

# ഞങ്ങളുടെ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാവാം, സഹായിക്കാം

- ഒരു രോഗിക്ക് ഒരു മാസം മരുന്നിന് ചിലവാകുന്ന ആയിരത്തിയഞ്ഞൂറ് രൂപ (Rs. 1500 Per Patient) സ്പോൺസർ ചെയ്യാം
- ഡേ കെയറിലേയ്ക്ക് ഉച്ചഭക്ഷണം സ്പോൺസർ ചെയ്യാം.
- നിങ്ങൾക്ക് ഇഷ്ടമുള്ള തുക സഹായം നൽകാം.
- ഒരു വോളണ്ടിയർ ആയി ഞങ്ങ്ഹളോടൊപ്പം ചേർന്ന് പാവപ്പെട്ടവരായ രോഗികളെ സഹായിക്കാം
- രോഗികളുടെ വീട്ടിൽ ചെന്നുള്ള പരിചരണത്തിൽ ഞങ്ങളോടൊപ്പം സഹകരിക്കാം

**നിങ്ങളുടെ സംഭാവനകൾ ചെക്കുകളായോ ബാങ്ക് മുഖേനയോ Greeshma Foundation എന്ന പേരിൽ നൽകാം**

| | |
|---|---|
| Account No | : 009500100143240 |
| IFSC Code | : DLXB0000095 |
| Bank | : Dhanalaxmi Bank Alappuzha |
| Contact us | : 0477-2267717 / 9495162887 |

E-mail: greeshmafoundationalappuzha@gmail.com
Website : www.facebook.com/greeshmafoundation
in association with MHAT (Mental Health Action Trust, Calicut)
www.greeshmafoundation.org.